മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ്  പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

കുന്നത്തൂർ പഞ്ചായത്ത്

മാനാമ്പുഴ *(വാർഡ്3)*

ശാസ്താംകോട്ട ബ്ലോക്ക്

കൊല്ലം ജില്ല



# കുന്നത്തൂർ പഞ്ചായത്ത്

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട ബ്ലോക്കിൽ ഉൾപ്പെടുന്ന ഗ്രാമപ്പഞ്ചായത്താണ് കുന്നത്തൂർ (ഇംഗ്ലീഷ്:Kunnathoor Gramapanchayat). കൊട്ടാരക്കരയിൽ നിന്നും ഏകദേശം 12 കി.മീറ്റർ വടക്കുപടിഞ്ഞാറ് മാറി സ്ഥിതിചെയ്യുന്നു കുന്നുകളാൽ സമൃദ്ധമായിരുന്ന പ്രദേശമായതിനാലാവണം ഈ സ്ഥലത്തിന് കുന്നത്തൂർ എന്ന പേരു വന്നത്.[1]

# അതിരുകൾ

ഈ പഞ്ചായത്തിന്റെ വടക്കുകിഴക്കും, കിഴക്കും തെക്കും ഭാഗങ്ങൾ 11.4 കി.മീറ്റർ നീളത്തിൽ കല്ലടയാറിനാൽ ചുറ്റപ്പെട്ടുകിടക്കുന്നു..

വടക്ക് - കടമ്പനാട് പഞ്ചായത്ത്.

പടിഞ്ഞാറ് - പോരുവഴി, ശാസ്താംകോട്ട എന്നീ പഞ്ചായത്തുകൾ.

തെക്ക് - ശാസ്താംകോട്ട, പവിത്രേശ്വരം എന്നീ പഞ്ചായത്തുകൾ.

കിഴക്ക് - കുളക്കട, പവിത്രേശ്വരം എന്നീ പഞ്ചായത്തുകൾ.

# ചരിത്രം

രാജഭരണ കാലത്ത് കുന്നത്തൂർ ഉൾപ്പെട്ട പ്രദേശം കായംകുളം രാജാവിന്റെ പരിധിയിലായിരുന്നു. കല്ലടയാറ് അതിരിട്ട കുന്നത്തൂരിന്റെ കിഴക്കതിർത്തിയിൽ കോട്ടയുടെ പഴകിതുടങ്ങിയ ഭാഗങ്ങൾ ഇപ്പോഴും ഉണ്ട്. കല്ലടയാറ് കിഴക്കോട്ടൊഴുകുന്ന കൊക്കാം കാവ് ക്ഷേത്രത്തിനു ചേർന്നുള്ള ഈ പ്രദേശം തിരുവിതാംകൂർ രാജാവിനധീനപ്പെട്ടതായിരുന്നു.

# ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കുന്നത്തൂർ ഇടനാട്ടിലാണ് ഉൾപ്പെടുന്നത്. വിശാലമായ താഴ് വരകളും, കുന്നിൻ പ്രദേശങ്ങളും, മിതമായി ചരിഞ്ഞ പ്രദേശങ്ങളുമടങ്ങുന്ന ഒരു ഭൂപ്രകൃതിയാണുള്ളത്. പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയിൽ ചേലൂർ കായലിന്റെ കുറച്ചുഭാഗം ഉൾപ്പെടുന്നു. 21.84 ഹെ. ആണ് അതിർത്തിയ്ക്കുള്ളിൽ വരുന്ന കായലിന്റെ വിസ്തീർണ്ണം. പഞ്ചായത്തിന്റെ മിക്കവാറും എല്ലാ വാർഡുകളിലും കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ എത്തിപ്പെട്ടിട്ടുണ്ട്.

# വിദ്യാഭ്യാസം

1964 ലാണ് കുന്നത്തൂർ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ സ്ഥാപിതമായത്. വെൺമണി ഗ്രാമസേവാ സമിതി അവർക്ക് നെടിയവിളയിൽ ഉണ്ടായിരുന്ന സ്ഥലത്താണ് ഈ സ്വകാര്യ വിദ്യാലയം ആരംഭിച്ചത്.

സോഷ്യൽ ഓഡിറ്റ് ഫയൽ പരിശോധനയ്ക്ക് വിധേയമായ പ്രവർത്തികൾ

വാർഡ് 8

| ക്രമ നം | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് |
|---|---|---|
| 1 | തരിശ്നിലം കൃഷിയോഗ്യമാക്കൽ | LD/205691 |
| 2 | കെ ഐ പി കനാൽ വൃത്തിയാക്കൽ | IC/319302 |

ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ

| | |
|---|---|
| കവർപേജ് | വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് രണ്ടു ഫയലുകളിലും കാണാൻ സാധിച്ചു |
| ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെൻ്റ്സ് | പരിശോധിച്ച രണ്ടു ഫയലിലും ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെൻ്റ്സ് കാണാൻ സാധിച്ചു.എന്നാൽ ഓരോ രേഖയുടെയും പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് രണ്ടു ഫയലിലും കാണാൻ സാധിച്ചു |
| വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന് പകർപ്പ് | രണ്ടു ഫയലിലും കാണാൻ സാധിച്ചു |
| ജനകീയ എസ്റ്റിമേറ്റ് | ജനകീയ എസ്റ്റിമേറ്റ് 2 ഫയലിലും കാണാൻ സാധിച്ചു. |
| സാങ്കേതിക അനുമതി യുടെ പകർപ്പ് | രണ്ടു ഫയലിലും സാങ്കേതിക അനുമതി യുടെ പകർപ്പ് കാണാൻ സാധിച്ചു. |
| ഭരണാനുമതി | ഭരണാനുമതി രണ്ടു ഫയലിലും കാണാൻ സാധിച്ചു |
| സംയോജിത പദ്ധതി | ഒരു പ്രവൃത്തി മാത്രം സംയോജിത പദ്ധതി ആയിരുന്നു |
| തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ | ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ രണ്ടു ഫയലിലും കാണാൻ സാധിച്ചില്ല. |
| തൊഴിൽ നൽകിയതു സംബന്ധിച്ച വിവരങ്ങൾ | രണ്ട് ഫയലിലും തൊഴിൽ നൽകിയ സംബന്ധിച്ച വിവരങ്ങൾ കാണാൻ സാധിച്ചില്ല. |
| ഇ മ സ്ട്രോൾ | പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർ റോളുകൾ രണ്ടു ഫയലിലും കാണാൻ സാധിച്ചു. |
| M BOOK | മെഷർമെൻ്റ് ബുക്ക് രണ്ട് ഫയലിലും ലഭ്യമായിരുന്നു. സാങ്കേതിക അനുമതി ഭരണാനുമതി നമ്പർ തീയതി ഇവ രേഖപ്പെടുത്തിയിട്ടില്ല<br><br>എം ബുക്കിൽ മാസ്റ്റർ റോൾ നമ്പർ തീയതി ഇവ രേഖപ്പെടുത്തിയിട്ടില്ല |

| | |
|---|---|
| വേജ് ലിസ്റ്റ് | എല്ലാ ഫയലിലും വേ ജ് ലിസ്റ്റ് കാണാൻ സാധിച്ചു. |
| FTO | രണ്ടു ഫയലിലും FTO കാണാൻ സാധിച്ചു |
| റോയൽറ്റി | രണ്ടു ഫയലിലും റോയൽറ്റി കാണാൻ സാധിച്ചില്ല |
| 3 ഘട്ട ഫോട്ടോഗ്രാഫ് | രണ്ടു ഫയലിലും 3 ഘട്ട ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചു |
| പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം | പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം രണ്ടു ഫയലുകളിലും കാണാൻ സാധിച്ചില്ല |
| മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് | രണ്ടു ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് കാണാൻ സാധിച്ചില്ല. |
| ജിയോ ടാഗ് ഫോട്ടോഗ്രാഫ് | രണ്ടു ഫയലിലും ജിയോ ടാഗ് ഫോട്ടോഗ്രാഫ് കാണാൻ സാധിച്ചു |
| സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | രണ്ട് പ്രവർത്തി ഫയലുകളിലും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണാൻ സാധിച്ചിട്ടില്ല. |
| സൈറ്റ് ഡയറി | സൈറ്റ് ഡയറി 2 ഫയലും കാണാൻ സാധിച്ചു. |

ഫീൽഡ് തല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ

| ഒബ്സെർവഷൻ | റിമാർക്സ് | സൊല്യൂഷൻ |
|---|---|---|
| ✔തരിശ് പുരയിടം കൃഷിയോഗ്യമാക്കൽ എന്ന പ്രവൃത്തി ആണ് ആദ്യമായി പരിശോധനക്ക് വിധേയമാക്കിയത്. സന്ദർശിച്ച പുരയിടങ്ങളിൽ കൃഷി മികച്ചു നിൽക്കുന്നവയും കൃഷി ചെയ്യാതെ കിടക്കുന്ന പുരയിടങ്ങളും ഉണ്ടായിരുന്നു.<br><br>മാസ്ട്രോളിൽ പേര് ഇല്ലാത്ത ഭൂ ഉടമകളുടെ വസ്തുവിൽ | തൊഴിലുറപ്പ് നിയമപ്രകാരം പ്രവൃത്തി ചെയ്യേണ്ട പുരയിടത്തിന്റെ ഉടമസ്ഥൻ | പ്രവൃത്തി ചെയ്യുന്ന പുരയിടത്തിന്റെ ഉടമസ്ഥന്റെ പേര് മാസ്ട്രോളിൽ ഉണ്ടോ |

| | | |
|---|---|---|
| പ്രവർത്തി ചെയ്തതായി കണ്ടെത്തി.<br><br>Eg.1.അമ്മിണി വള്ളിതുണ്ടിൽ<br><br>2.രാജേഷ് കുമാർ സുരേഷ് ഭവനം<br><br>3.ഹരികുമാർ വള്ളിതുണ്ടിൽ<br><br>4.ലക്ഷ്മി വള്ളിതുണ്ടിൽ<br><br>5.ജയന്തി കൃഷ്ണാലയം<br><br>6.റൂബി ഗബ്രിയേൽ പുതുവേലിൽ വീട് | പ്രവർത്തിക്ക് ഇറങ്ങേണ്ടതുണ്ട്. നിയമ നിഷേധം തന്നെ ആണ് ഇവിടെ പ്രകടമാകുന്നത് | എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് |
| ✔ഫയലിൽ പ്രവൃത്തി ചെയ്തതായി രേഖപെടുത്തിയിട്ടുള്ളിടത്ത് ആ സാമ്പത്തികവർഷം ഫയലിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തിട്ടില്ല എന്നു ഭൂ ഉടമ സാക്ഷ്യപ്പെടുത്തി.<br><br>Eg.ഏലിക്കുട്ടി ബിജുഭവനം ഫയലിൽ 22സെന്റ് പ്രവൃത്തി ചെയ്തു എന്നു കാണിച്ചിരിക്കുന്നു. എന്നാൽ ഈ വീട്ടുകാർക്കു മൊത്തത്തിൽ 12സെന്റ് പുരയിടമേ ഉള്ളു. | നിയമ പരമായി തെറ്റായ കാര്യമാണിത്. പ്രവൃത്തി ചെയ്യാത്ത പുരയിടത്തിന്റെ വിവരങ്ങൾ ഫയലിൽ വന്നത് ബന്ധപെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ ആണ്.കൃത്യമായി പരിശോധന നടത്താത്തതിന്റെ തെളിവ് ആണ് ഇത്. | പ്രവൃത്തി ചെയ്യുന്നത് വ്യക്തമായി പരിശോധിച്ചു രേഖപ്പെടുത്തേണ്ടതാണ്. |
| ✔ഫയലിൽ പറ്റിചിറ്റ് വെച്ച പുരയിടത്തിൽ പ്രവൃത്തിചെയ്തിട്ടില്ല. പാട്ടത്തിനു എടുത്ത പുരയിടത്തിൽ ആണ് പ്രവൃത്തി ചെയ്തത് എന്നു ഉടമസ്ഥൻ പറഞ്ഞു. പക്ഷെ ആ പുരയിടത്തിന്റെ യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ലായിരുന്നു. | പറ്റിചിറ്റ് വെക്കാത്ത പുരയിടത്തിൽ പ്രവൃത്തി ചെയ്യാൻ പാടില്ല. പ്രവൃത്തി ചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ ഫയലിൽ വെക്കണം. | ഫയൽ കൃത്യമായി പരിശോധിച്ചു വിവരങ്ങൾ ഉറപ്പു വരുത്തേണ്ടതുണ്ട്. ഇതു ഉദ്യോഗസ്ഥരുടെ കടമ ആണ് |

| | | |
|---|---|---|
| Eg.ദേവകി തറയിൽ<br>പടിഞ്ഞാറ്റതിൽ | | |
| ✔കൃഷിക്ക് ഒരുക്കിയ ഭൂമി തരിശ് ആയി കിടക്കുന്നത് കണ്ടു.<br>Eg.1.ഹരികുമാർ വള്ളിതുണ്ടിൽ<br>2.റൂബി ഗബ്രിയേൽ പുതുവേലിൽ<br>3.സാലമ്മ പുതുവേലിൽ<br>4.റോസ്‌ലിൻ പുതുവേലിൽ | കൃഷിക്ക് ഒരുക്കിടയിടത്തു കൃഷി തുടരേണ്ടത് അനിവാര്യമാണ്. പ്രവൃത്തി ആസ്തി സൃഷ്ടിക്കുന്നതാകണം എങ്കിൽ അത് പ്രയോജനപ്പെടുത്തുക കൂടി വേണം. | കൃഷി ചെയ്യുന്നവർക് മാത്രം ഈ പ്രവൃത്തി ചെയ്തു നൽകുക. ഭൂമിയിൽ പ്രവൃത്തി ചെയ്തിട്ടും കൃഷി ചെയ്യാത്തവരിൽ നിന്ന് പിഴ ഈടാക്കണം. കർശനമായി കൃഷി ചെയ്യാൻ ഉള്ള നിർദേശം നൽകുക. |
| ✔മറ്റൊരാളുടെ തൊഴിൽകാർഡ് ഉപയോഗിച്ചു പ്രവൃത്തി ചെയ്തതായി കണ്ടു.<br>Eg.ലക്ഷ്മി വള്ളിതുണ്ടിൽ<br>ലക്ഷ്മിയുടെ പേര് മാസ്‌ട്രോളിൽ ഇല്ല. ഇന്ദിര എന്ന തൊഴിലാളിയുടെ തൊഴിൽകാർഡ്(890) ഉപയോഗിച്ച് ആണ് ഇയാളുടെ പുരയിടത്തിൽ പ്രവൃത്തി ചെയ്തത്. | തൊഴിൽകാർഡ് ഇല്ലാത്തവർക് പ്രവൃത്തി ചെയ്തു കൊടുക്കണ്ടതില്ല. അതും നിയമസാധ്യതകൾ മറച്ചു മറ്റൊരാളുടെ തൊഴിൽകാർഡ് ഉപയോഗിച്ചു പ്രവൃത്തി ചെയ്തു. ഇത് നിയമത്തിനു അതീതമാണ്. | ഉദ്യോഗസ്ഥരുടെ ശ്രദ്ധയില്ലായ്മ ഈ പ്രവൃത്തിയിൽ ഉടനീളം കാണാൻ കഴിഞ്ഞു. പരിശോധനയിൽ വീഴ്ച വന്നിട്ടുണ്ട്. അത് തിരുത്തണം. |
| ✔കൃഷി സമൃദ്ധമായി തന്നെ വളർന്നു നിൽക്കുന്നത് കാണാൻ കഴിഞ്ഞു. വാഴ, ചേന, ചേമ്പ്, പാവൽ, ചീനി, മഞ്ഞൾ, ഇഞ്ചി, കാച്ചിൽ തുടങ്ങിയ വിളകൾ കൃഷി ചെയ്തതായി കണ്ടു.<br>Eg.1.റോസമ്മ വാലുതുണ്ടിൽ<br>2.അമ്മിണി വള്ളിതുണ്ടിൽ<br>3. സിന്ധു പറമ്പിൽ വടക്കതിൽ | കൃഷി നിലനിർത്തി പോകുക | കർഷകരെ പ്രോത്സാഹിപ്പിക്കുക. വേണ്ട നിർദേശങ്ങൾ യഥാവിധി നൽകുക. |

| | | |
|---|---|---|
| 4.രാജേഷ് കുമാർ സുരേഷ് ഭവനം<br><br>5.സരോജിനി തെങ്ങു വിളയിൽ<br><br>6.ഗിരിജാദേവി മധുവിലാസം | | |
| ✔കെ ഐ പി കനാൽ വൃത്തിയാക്കൽ എന്ന പ്രവൃത്തി ആണ് അടുത്തതായി പരിശോധനക്ക് വിധേയമാക്കിയത്.<br><br>കനാൽ കാട് പിടിച്ചു കിടക്കുകയായിരുന്നു. | ചെയ്യുന്ന പ്രവൃത്തി സംരക്ഷിക്കേണ്ടതുണ്ട്. എങ്കിലേ ആസ്തി സൃഷ്ടിക്കുള്ളു. | കൃത്യമായ ഇടവേളകളിൽ പ്രവൃത്തി ചെയ്യുക. കനാലിനു സമീപമുള്ള വീടുകാരോട് കനാലിന്റെ പ്രയോജനങ്ങൾ പറഞ്ഞു ബോധ്യമാക്കി അവരുടെ ഭാഗങ്ങൾ എങ്കിലും വൃത്തിയാക്കാൻ ആവശ്യപ്പെടാവുന്നതാണ്. |
| ✔കനാലിൽ മാലിന്യങ്ങൾ തള്ളുന്നതായി കണ്ടു. | ഇത് കനാലിലെ ജലം മലിനമാക്കുന്നു | ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നവരെ കണ്ടെത്തി പിഴ ഈടാക്കേണ്ടതാണ്. |

✔അവകാശഅധിഷ്ഠിത നിഷേധങ്ങൾ

# തൊഴിലാളികൾക്ക് പ്രഥമ ശുശ്രൂഷ കിറ്റ് ടാർപോളിൻ എന്നിവ ലഭ്യമാകുന്നില്ല എന്ന് തൊഴിലാളികൾ സാക്ഷ്യപ്പെടുത്തി.

# തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പറഞ്ഞു

# തൊഴിൽ ചെയ്ത് 15 ദിവസത്തിനകം വേതനം ലഭ്യമാകുന്നില്ല എങ്കിൽ നഷ്ടപരിഹാരം ലഭ്യമാക്കണം എന്ന നിയമം നിലനിൽക്കെ തൊഴിൽ ചെയ്ത വേതനം പോലും കൃത്യമായി ലഭ്യമാകുന്നില്ല

# തൊഴിൽ കാർഡ് എടുക്കുന്നതിനായി തൊഴിലാളികൾക്ക് ഒരു തുകയും നഷ്ടമായിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു

# പ്രവൃത്തി സ്ഥലങ്ങളിൽ വെച്ച് ഉണ്ടാകുന്ന അപകടങ്ങൾ അതൊക്കെ ചികിത്സ തേടുന്ന അതിനുള്ള സൗകര്യം സൗജന്യമാണെന്ന് തൊഴിലാളികൾക്ക് അറിയാമായിരുന്നു എങ്കിലും തൊഴിൽ സ്ഥലങ്ങളിൽ വെച്ച് ഉണ്ടായ അപകടങ്ങൾക്ക് ചിലവായ തുക ഇതുവരെയും കിട്ടിയിട്ടില്ല എന്ന്

തൊഴിലാളികൾ സാക്ഷ്യപ്പെടുത്തി.

# നിയമപ്രകാരം അഞ്ചുകിലോമീറ്റർ അധികം യാത്ര ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് യാത്രാബത്ത നൽകണം ഈ സാഹചര്യം ഉണ്ടായിട്ടില്ല.

# വർഷത്തിൽ 100 ജോലികൾ കിട്ടുന്നില്ല എന്ന പരാതി ഉണ്ടായി.

✔പരാതികൾ

# തൊഴിൽ വേതനം കിട്ടാൻ വൈകുന്നു എന്ന് പരാതി വന്നു.

# ഡിസ്പ്ലേ ബോർഡിന് വേണ്ടി പിരിച്ച തുക ഇതുവരെയും തൊഴിലാളികൾക്ക് ലഭ്യമായിട്ടില്ല എന്ന പരാതിയും ഉണ്ട്.

# വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

#മാസ്റ്റർ റോൾ കൃത്യമായി അടിച്ചു കിട്ടുന്നില്ല എന്ന പരാതിയുണ്ട്.

#സുഭദ്ര എന്ന തൊഴിലാളിക്ക് കഴിഞ്ഞ വർഷം മാർച്ച് മുതൽ ഇതു വരെ ഉള്ള വേതനം കിട്ടിയിട്ടില്ല.

#യൂണിഫോം കിട്ടണം എന്നൊരു  ആവശ്യം തൊഴിലാളികൾ അവതരിപ്പിച്ചു.

#തൊഴിൽ ബുക്കിൽ ഫോട്ടോ പതിക്കാൻ ചിലവായ തുക ഇതുവരെ കിട്ടിയിട്ടില്ല.

✔കണ്ടെത്തലുകളും നിർദ്ദേശങ്ങളും

#പ്രവർത്തികൾ തെരഞ്ഞെടുക്കുമ്പോൾ ആ ഭൂപ്രദേശത്ത് ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ ആണെന്നു  ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം.

# തൊഴിലാളികൾ എല്ലാം തന്നെ വളരെ പ്രാഗല്ഭ്യം ഉള്ളവരെ കാണപ്പെട്ടു. പ്രവർത്തികൾ കൃത്യവും

വസ്തുനിഷ്ഠവും ആയി കാണപ്പെട്ടു.

# ക്രിയാത്മകമായ ചർച്ചകളിലൂടെ അറിവിനെ തൊഴിലാളികളുടെ പരമ്പരാഗതമായ അറിവിനെ ഉൾക്കൊണ്ട് അവരുടെ അവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി കണ്ട് വേണം ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് വേണം ഉദ്യോഗസ്ഥർ തൊഴിൽ തിരഞ്ഞെടുക്കേണ്ടത്. #തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദനീയമായ 260 ഓളം പ്രവർത്തികൾ ഉണ്ടെന്നിരിക്കെ സോഷ്യൽ ഓഡിറ്റ് ഫോറം പ്രകാരം കാണാൻ കഴിഞ്ഞത് കുടുംബങ്ങൾക്ക് കൃഷി സ്ഥലം ഒരുക്കൽ മണ്ണു ജലസംരക്ഷണം എന്നീ പ്രവർത്തികൾ മാത്രമാണ് കാണാൻ സാധിച്ചത്. കൂടുതൽ വ്യത്യസ്തമായ രീതിയിൽ ആവർത്തനവിരസത വരാത്ത പ്രവർത്തികൾ ഉൾപ്പെടുത്തുക.

# സാമൂഹിക സന്നദ്ധ സംഘടനകളും, എൻജിഒ, യുടെ പങ്കാളിത്തവും എങ്ങും കാണാൻ സാധിച്ചില്ല.

# പദ്ധതി ആസൂത്രണത്തിന് വേണ്ട പരിശീലനം തൊഴിലുറപ്പ് മേറ്റ് മാർക്ക് നൽകേണ്ടതുണ്ട്.

പൊതു നിർദ്ദേശങ്ങൾ

# തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസത്തേക്കുള്ള അപേക്ഷ ഒരുമിച്ച് നൽകാൻ പ്രേരിപ്പിക്കണം. ഇത് ഫ്രണ്ട് ഓഫീസിൽ തന്നെ നൽകണം തീയതി രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകണം.

# വ്യത്യസ്തവും ക്രിയാത്മകവുമായ പ്രവർത്തികൾ ഏറ്റെടുക്കുകയും അത് നടപ്പിലാക്കുകയും വേണം.

# പദ്ധതി നടത്തിപ്പിലെ ഉന്നതതല ഉദ്യോഗസ്ഥർ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നു എന്ന് ഉറപ്പാക്കണം.

# പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാം ഉദ്യോഗസ്ഥരും അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നു എന്ന് ഉറപ്പാക്കണം.

# പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥർ പറ്റുന്നത്ര പ്രവർത്തനത്തിൽ കൃത്യമായി സന്ദർശിച്ച് ഇരിക്കേണ്ടതാണ്.

# വിഎംസി അംഗങ്ങൾ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്ന ആയിരിക്കണം. ഒരു സ്വതന്ത്ര ഓഡിറ്റിംഗ് സമിതിയായി വളരേണ്ടതുണ്ട്.

# സുതാര്യത ഉറപ്പാക്കാൻ എല്ലാ പ്രവർത്തി സ്ഥലത്തും സിഐബി സ്ഥാപിച്ചിരിക്കുണം.

# പങ്കാളിത്ത സമീപനം പദ്ധതിആസൂത്രണത്തിൽ കർഷകരെയും തൊഴിലാളികളെയും പൊതുസമൂഹത്തെയും ഉൾപ്പെടുത്തുവാൻ കഴിയണം

# ജൈവസമ്പത്ത് വർദ്ധിപ്പിക്കുന്ന പ്രവർത്തികൾ ഏറ്റെടുത്തു ചെയ്യിപ്പിക്കുക.

# സ്ത്രീ സൗഹൃദ പണിയായുധങ്ങൾ ആണെന്ന് ഉറപ്പുവരുത്തുക.

# പ്രകൃതി വിഭവ പരിപാലനത്തിന് പ്രാധാന്യം നൽകി വേണം പദ്ധതി ആസൂത്രണം ചെയ്യാൻ.